പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *255 — 12/03/2018 ൽ മറുപടിയ്ക്ക്

## ഡിജിറ്റൽ സർവ്വേയും പോക്കുവരവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി.ജോർജ്ജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജുകളിൽ, പുറംകരാർ മുഖേന യോഗ്യരായ ഏജൻസികളെ കൊണ്ട് ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സമയബന്ധിതമായി സംസ്ഥാനത്തെ മുഴുവൻ ഭൂമിയുടേയും റീസർവ്വേ പൂർത്തിയാക്കുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും അതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള ഏജൻസികളെക്കൊണ്ടും, സർവ്വേ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സർവ്വേ ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവരെയും സർവ്വേ സംബന്ധിച്ച സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ളവരെയും ഉപയോഗപ്പെടുത്തിക്കൊണ്ടും കേന്ദ്രഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടും സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനും സർവ്വേ വാലിഡേഷൻ നടപടികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനും ആയി മന്ത്രിസഭാതലത്തിൽ തീരുമാനം എടുക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) എല്ലാ വില്ലേജുകളിലെയും പോക്കുവരവ് നടപടികൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്ന പ്രക്രിയ ഏതുഘട്ടം വരെയായി; വിവരിക്കുമോ? | (ബി) 1464 വില്ലേജുകളിലെ അടിസ്ഥാന വില്ലേജ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുകയും ഈ വില്ലേജുകൾ ഓൺലൈൻ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളിലെ അടിസ്ഥാന വില്ലേജ് റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ പുരോഗമിച്ചു വരുന്നു. ഓൺലൈൻ ആക്കിയ വില്ലേജുകളിൽ പോക്കുവരവ് നടപടികൾ ഓൺലൈനായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ